**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6511** **20-03-2023 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കല്ലുംപുറം എസ്.സി. കോളനിയിലും പരിസരത്തും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സ്കീമിന്റെ കാലപ്പഴക്കം മൂലവും പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നത് കാരണവും പരിമിതമായ തോതിൽ മാത്രമാണ് പ്രസ്തുത ഭാഗത്ത് കുടിവെള്ളം വിതരണം ചെയ്യുവാൻ സാധിക്കുന്നത്. |
| (ബി) | ആറു ദിവസം കൂടുമ്പോൾ മാത്രമാണ് ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നത് എന്നിരിക്കെ ഈ പ്രശ്നം പരിഹരിക്കാനും രണ്ടുദിവസം കൂടുമ്പോഴെങ്കിലും കുടിവെള്ളം ലഭ്യമാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | 5 ദിവസം തുടർച്ചയായി SN പുരം പഞ്ചായത്തിലേക്കും 3 ദിവസം തുടർച്ചയായി മതിലകം പഞ്ചായത്തിലേയ്ക്കും എന്ന ക്രമത്തിൽ ആണ് കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുന്നത്. തുടർച്ചയായി പമ്പ് ചെയ്താൽ മാത്രമേ രണ്ടു പഞ്ചായത്തിലേയും വിദൂര ഭാഗങ്ങളിലേക്ക് കുടിവെള്ളം എത്തുകയുള്ളൂ.<br><br>SN പുരം ഗ്രാമപഞ്ചായത്ത് അടക്കം മതിലകം PH സെക്ഷന് കീഴിലുള്ള നാല് പഞ്ചായത്തുകളിലേക്കും ശുദ്ധജല വിതരണം നടത്തുന്നത് നാട്ടിക ഫിർക്ക സ്കീമിൽ ഉൾപ്പെട്ട 35 വർഷത്തിലേറെ കാലപ്പഴക്കമുള്ള ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നാണ്. പദ്ധതിയുടെ കാലപ്പഴക്കം മൂലം പ്രധാന പൈപ്പ് ലൈനുകളിൽ തുടർച്ചയായി ലീക്ക് ഉണ്ടാകുന്നതിനാൽ ശുദ്ധജല വിതരണത്തിൽ തടസ്സം ഉണ്ടാകാറുണ്ട്. എന്നിരുന്നാലും വെള്ളാനി പ്ലാന്റിൽ നിന്നും ലഭ്യമാകുന്ന പരിമിതമായ കുടിവെള്ളം മതിലകം പി.എച്ച്. സെക്ഷനുകീഴിലുള്ള പഞ്ചായത്തുകളിൽ എത്തിച്ചുകൊടുക്കാൻ പരിശ്രമിക്കുന്നുണ്ട്. പുതിയ ജല ശുദ്ധീകരണ പ്ലാന്റും അനുബന്ധഘടകങ്ങളും കൂടാതെ പഴയ പ്രിമോ പൈപ്പ് മാറ്റുന്ന പ്രവൃത്തിയും KIIFB-യിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. KIIFB യുടെ ഫണ്ടിംഗ് സാങ്ഷൻ ലഭിച്ചിട്ടില്ല. മേൽപ്പറഞ്ഞ പ്രകാരം നാട്ടിക ഫർക്ക സ്കീം വിപുലീകരണം നടപ്പിലാക്കിയാൽ മാത്രമേ ടി |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ മുടക്കം കൂടാതെ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. |
| (സി) | കുടിവെള്ളത്തിന്റെ നിറം മാറുന്നതായി നാട്ടുകാർ നിരന്തരം പരാതിപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കുടിവെള്ളത്തിന്റെ നിറം മാറുന്നതായി നാട്ടുകാർ നിരന്തരം പരാതിപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്ഥലം സന്ദർശിക്കുകയും ആവശ്യമെങ്കിൽ GI പൈപ്പ് മാറ്റി സ്ഥാപിക്കൽ, ലീക്ക് പരിശോധിക്കൽ എന്നീ നടപടികൾ സ്വീകരിക്കാറുണ്ട്. കല്ലുമുറം എസ്.സി. കോളനി പരിസരത്തു കുടിവെള്ളത്തിന്റെ നിറം മാറുന്നത് സംബന്ധിച്ച് പരാതി ലഭിക്കുകയും ആ ഭാഗത്തു കലുങ്കിനു മുകളിലൂടെ കടന്നുപോകുന്ന തുരുമ്പിച്ച GI പൈപ്പ് മാറ്റി പകരം PVC പൈപ്പ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ